# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2634** **17.10.2016-ൽ മറുപടിയ്ക്ക്**

## ഡോ.എ.പി.ജെ.അബ്ദുൾ കലാമിന്റെ വികസന നിർദ്ദേശങ്ങൾ

**ചോദ്യം**

**ശ്രീ.ഒ.രാജഗോപാൽ**

(എ) കേരളത്തിന്റെ സമഗ്ര സാമ്പത്തിക വികസനത്തിനായി മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾ കലാം എന്തെങ്കിലും നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സാക്ഷാത്കരിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ.പിണറായി വിജയൻ**
**(ബഹു.മുഖ്യമന്ത്രി)**

(എ) മുൻ രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ.അബ്ദുൾ കലാം കേരളത്തിന്റെ സമഗ്ര സാമ്പത്തിക വികസനത്തിനായി താഴെപ്പറയുന്ന 10 ഇന കർമ്മ പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി.

1. ആത്മീയവും, ആരോഗ്യപരവും ശാസ്ത്രീയവുമായ വിനോദസഞ്ചാര പദ്ധതികൾ.
2. സ്മാർട്ട് ജലപാതാ വികസനം.
3. അറിവുൽപന്നങ്ങളുടെ (Knowledge products) വികസനവും വിപണനവും.
4. ആയുർവേദ ഔഷധസസ്യങ്ങളിൽ നിന്നുള്ള മരുന്നുല്പന്നങ്ങൾ.
5. നേഴ്സുമാരുടെയും മറ്റു പാരാമെഡിക്സിന്റെയും ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിശീലനപരിപാടി.
6. വിദേശ ഇന്ത്യക്കാരേയും മറ്റ് നിക്ഷേപകരേയും ആകർഷിക്കുന്നതിനുള്ള പ്രത്യേക സാമ്പത്തിക മേഖലാ രൂപീകരണം.
7. ആഴക്കടൽ മത്സ്യബന്ധനം, മത്സ്യ സംസ്കരണം, കടൽ ഭക്ഷ്യ വിഭവങ്ങളുടെ വിപണനം എന്നിവയ്ക്കായുള്ള പദ്ധതികൾ.
8. തീരദേശ മേഖലകളിൽ PURA നടപ്പാക്കുക വഴി ഗ്രാമ-നഗര ജനവിഭാഗങ്ങളുടെ തുല്യ

ഉന്നമനത്തിനായുള്ള പദ്ധതികൾ.

9. ചായ, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ,നാളീകേരം പഴ വർഗ്ഗങ്ങൾ എന്നിവയ്ക്ക് മൂല്യ വർദ്ധനവ്.

10. സംസ്ഥാനത്തിന്റെ വികസനത്തിനായി ഐ.എസ്.ആർ.ഒ യുടെ പങ്കാളിത്തത്തോടുകൂടി ബഹിരാകാശ സാങ്കേതികവിദ്യാ ഉപയോഗം.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി 02/08/2005-ലെ സ. ഉ. (കൈ)49/2005/പ്ലാനിംഗ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം മേൽ പദ്ധതികളിന്മേൽ ജലവിഭവം , വിനോദസഞ്ചാരം, മൃഗസംരക്ഷണം, ഗതാഗതം, പൊതുഭരണം, കൃഷി, ആരോഗ്യം, വ്യവസായം, മത്സ്യബന്ധനവും തുറമുഖവും, ശാസ്ത്ര സാങ്കേതികം, എന്നീ വകുപ്പുകളിൽ തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ